©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2021-2023)

## മൂന്നാമത് റിപ്പോർട്ട്

(2022 മാർച്ച് 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ (പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2022

**പതിനഞ്ചാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-2023)

**മൂന്നാമത് റിപ്പോർട്ട്**

(2022 മാർച്ച് 17-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി(2011-2014)യുടെ രണ്ടാമത് റിപ്പോർട്ടിലെ (പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച്) ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

314/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

(2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. എ. സി. മൊയ്തീൻ, എം.എൽ.എ.

<u>അംഗങ്ങൾ:</u>

ശ്രീ. എ. കെ. എം. അഷ്റഫ്, എം.എൽ.എ.

ഡോ. കെ. ടി. ജലീൽ, എം. എൽ. എ.

ശ്രീ. മാണി സി. കാപ്പൻ, എം. എൽ. എ.

ഡോ. മാത്യു കുഴൽനാടൻ, എം. എൽ. എ.

ശ്രീ. പ്രമോദ് നാരായൺ, എം. എൽ. എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം. എൽ. എ.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ, എം. എൽ. എ.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ.എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജാസ്മിൻ പി. എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി(2021-2023)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി (2011-2014) നടത്തിയ പഠനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി ഉൾക്കൊള്ളിച്ചു കൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 മാർച്ച് 15-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**എ. സി. മൊയ്തീൻ,**
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 15.

# റിപ്പോർട്ട്

മനുഷ്യ സംസ്കാരത്തിന്റെ ഇന്നേവരെയുള്ള ചരിത്രം കുടിയേറ്റവുമായി ബന്ധപ്പെട്ടിരിക്കുന്നു. സംസ്കാരത്തിന്റെ വികാസപരിണാമങ്ങൾ നിർണ്ണയിക്കുന്നതിൽ കുടിയേറ്റം വഹിച്ച പങ്ക് വലുതാണ്. ജീവിതത്തിൽ അനുകൂലമായ സാഹചര്യമുണ്ടാവുമെന്നുള്ള പ്രതീക്ഷയാണ് പ്രവാസ ജീവിതത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്.

കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക വളർച്ചയിൽ പ്രവാസികളുടെ പങ്ക് നിസ്തുലമാണ്. ജീവിതത്തിന്റെ വസന്തകാലം വിദേശങ്ങളിൽ ജോലി ചെയ്ത് കുടുംബത്തേയും അതുവഴി നാടിനേയും പോറ്റിയ സാധാരണക്കാരായ പ്രവാസികൾ തിരിച്ച് വരുമ്പോൾ അവരെ കാത്തിരിക്കുന്നത് നിരവധി വെല്ലുവിളികളാണ്. പ്രവാസി മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2011-2014) നടത്തിയ പഠനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ രണ്ടാമത് റിപ്പോർട്ട് 2012 ജൂലൈ ഇരുപത്തിമൂന്നാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

പ്രവാസികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനായി സമിതി (2011-2014) മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട ജില്ലകളും ഡൽഹി, മുംബൈ എന്നീ സ്ഥലങ്ങളും സന്ദർശിക്കുകയും പ്രവാസികളും പ്രവാസി സംഘടനകളുമായും ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് രണ്ടാമത് റിപ്പോർട്ട്. പ്രവാസികളെ സംബന്ധിച്ച വിവര ശേഖരണം, ക്ഷേമനിധി ബോർഡ്, അംഗത്വ പ്രായപരിധി, ഇ-ബാങ്കിംഗ് സൗകര്യം, ജനസമ്പർക്ക പരിപാടികൾ, നിയമസഹായ പദ്ധതി, കേരളാ ഹൗസിലെ സൗകര്യങ്ങൾ, യാത്രാ ദുരിതങ്ങൾ, മലയാള ഭാഷാ പഠനവും സാംസ്കാരിക പ്രവർത്തനങ്ങളും, പാർപ്പിട സൗകര്യങ്ങൾ തുടങ്ങിയ പ്രശ്നങ്ങളാണ് റിപ്പോർട്ടിൽ വിശകലനം ചെയ്തിട്ടുള്ളത്. റിപ്പോർട്ടിലെ ഇരുപത് ശിപാർശകളിന്മേൽ കേരളീയ പ്രവാസികാര്യം, പൊതുഭരണ (പൊളിറ്റിക്കൽ), ഉന്നതവിദ്യാഭ്യാസം, ഉദ്യോഗസ്ഥ ഭരണപരിഷ്കാരം, പൊതുഭരണ (സ്പെഷ്യൽ), ഗതാഗതം, പൊതുവിദ്യാഭ്യാസം, സാംസ്കാരികകാര്യം, നികുതി, ടൂറിസം, ഭക്ഷ്യപൊതുവിതരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടികൾ 29-5-2013, 12-2-2014, 23-4-2014, 6-8-2014, 21-10-2014, 24-6-2015, 5-8-2015, 30-12-2015, 31-1-2017, 11-3-2020 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി അംഗീകരിക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങൾ എന്നിവയ്ക്ക് ടി വകുപ്പുകളിൽ നിന്നു ലഭിച്ച മറുപടികളും അവയിന്മേൽ സമിതി ആവശ്യപ്പെട്ട അധിക വിവരങ്ങളും അവയ്ക്ക് വകുപ്പുകൾ ലഭ്യമാക്കിയ മറുപടികളും ഉൾപ്പെടുന്നതാണ് ഈ റിപ്പോർട്ട്.

## സമിതിയുടെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടിയും

ശിപാർശ 1

പ്രവാസി ക്ഷേമനിധി അംഗത്വം നേടുന്നതിനുള്ള പ്രായപരിധി 55 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവാസി ക്ഷേമനിധിയിലേക്ക് ഇ-ബാങ്കിംഗ് ഉൾപ്പെടെ കേരളം ആസ്ഥാനമായി പ്രവർത്തിക്കുന്ന എല്ലാ ബാങ്കുകൾ വഴിയും പണമടയ്ക്കുന്നതിന് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി

പ്രവാസി ക്ഷേമനിധിയിൽ അംഗമാകാനുള്ള പ്രായപരിധി 55 വയസ്സിൽ നിന്നും 60 വയസ്സായി ഉയർത്തി ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. ഇക്കാര്യത്തിൽ നിയമ വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. കേരള പ്രവാസി ക്ഷേമ ബോർഡിലെ അംഗങ്ങളുടെ അംശദായം നിലവിൽ സ്റ്റേറ്റ് ബാങ്കിന്റെയും ഇന്ത്യൻ ബാങ്കിന്റെയും ശാഖകൾ വഴിയും കേരളത്തിലെ രണ്ടായിരത്തോളം വരുന്ന അക്ഷയ കേന്ദ്രങ്ങൾ വഴിയുമാണ് സ്വീകരിച്ചുവരുന്നത്. എല്ലാ ബാങ്കുകൾ വഴിയും അംശദായം സ്വീകരിക്കണമെങ്കിൽ എല്ലാ ബാങ്കുകളിലും ക്ഷേമബോർഡിന്റെ അക്കൗണ്ടുകൾ തുടങ്ങേണ്ടതുണ്ട്. ഇപ്രകാരം ചെയ്യുകയാണെങ്കിൽ അക്കൗണ്ടുകളുടെ ബാഹുല്യം മൂലം കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നതിനും അക്കൗണ്ടുകൾ റീകൺസൈൽ ചെയ്യുന്നതിനും ബുദ്ധിമുട്ടുണ്ടാകുന്നതുകൊണ്ടും ബോർഡിലെ അക്കൗണ്ട് സെക്ഷനിലെ പരിമിതമായ ജീവനക്കാരെക്കൊണ്ട് മാത്രം ഇത് കൈകാര്യം ചെയ്യുവാൻ സാധിക്കാത്തതിനാലും എല്ലാ ബാങ്കുകൾ വഴിയും അംശദായം സ്വീകരിക്കുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല. പക്ഷേ ക്ഷേമബോർഡിന്റെ വെബ്സൈറ്റുമായി ലിങ്ക് ചെയ്ത് ഓൺലൈനായി അംശദായം സ്വീകരിക്കുന്നതിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചും സാധ്യതകളെക്കുറിച്ചും ബോർഡ് പരിശോധിച്ചുവരികയാണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 20-10-2015-ലെ 5865/ബി2/2012/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 30-12-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 2

കേരള സർക്കാരിന്റെ പ്രവാസികൾക്കായുള്ള വിവിധ ക്ഷേമപദ്ധതികളെക്കുറിച്ച് മറുനാടൻ മലയാളികളെ ബോധവാന്മാരാക്കുന്നതിനും അത്യാവശ്യ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനുമായി നോർക്കയുടെ ആഭിമുഖ്യത്തിൽ പ്രധാനപ്പെട്ട മലയാളി സമാജങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജനസമ്പർക്ക പരിപാടികൾ ആവിഷ്ക്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

ഈ ലക്ഷ്യം മുൻനിർത്തി 2012 ഒക്ടോബർ മാസത്തിൽ, ബംഗലൂരുവിൽ വച്ച് ദക്ഷിണേന്ത്യയിലെ പ്രവാസികൾക്കായി ഒരു ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചിരുന്നു. കൂടാതെ 2015 ജനുവരി മാസത്തിൽ കൊച്ചിയിൽ വച്ച് ആഗോള പ്രവാസി മലയാളി സംഗമവും സംഘടിപ്പിച്ചിരുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 20-10-2015-ലെ 5865/ബി2/2012/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 30-12-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 3</u>

തൊഴിൽ തേടി മഹാനഗരങ്ങളിലെത്തുന്ന മലയാളികൾ ചൂഷണത്തിനും തട്ടിപ്പിനും ഇരയാകുന്നതിന്റെ മുഖ്യകാരണം നിലവിലുള്ള നിയമത്തെകുറിച്ചുള്ള അജ്ഞതയാണെന്ന് സമിതി മനസ്സിലാക്കുന്നു. ഇവർക്ക് നിയമ പരിരക്ഷ നൽകുന്നതിനായി നോർക്ക ഒരു നിയമസഹായ സെൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

തങ്ങളുടേതല്ലാത്ത കാരണങ്ങൾക്കും ചെറിയ കുറ്റകൃത്യങ്ങൾക്കും വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന പ്രവാസി മലയാളികൾക്ക് ആവശ്യമായ നിയമസഹായം നൽകി ജയിൽ മോചിതരാക്കി നാട്ടിലെത്തിക്കുക, വിവിധ കാരണങ്ങളാൽ വിദേശ രാജ്യങ്ങളിലെ താമസത്തിനിടെ നിയമസഹായമാവശ്യമുള്ളവർക്ക് അത് യഥാസമയം ലഭ്യമാക്കുക, അഭയം ആവശ്യമായിവരുന്ന കേരളീയ സ്ത്രീകളെ എംബസികളിൽ എത്തിക്കുന്നതിന് ആവശ്യമായി വരുന്ന വാഹന ചെലവ് വഹിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് 'പ്രവാസി നിയമ സഹായ പദ്ധതി' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. നിയമസഹായം ആവശ്യമുള്ള വ്യക്തികൾ, അവരുടെ കുടുംബാംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. വിദേശ രാജ്യങ്ങളിലെ ഇന്ത്യൻ മിഷനുകൾ ശ്രദ്ധയിൽപ്പെടുത്തുന്ന കേസുകൾക്കും ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുണ്ട്. നിബന്ധനകൾക്ക് വിധേയമായി ഒരു കേസിന് പരമാവധി 2 ലക്ഷം രൂപയാണ് പദ്ധതി പ്രകാരം ധനസഹായത്തിനർഹതയുള്ളത്. ചൂഷണങ്ങൾക്ക് ഇരയാകുന്ന പ്രവാസികൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി കൗൺസലിംഗ്, മറ്റു പാരാലീഗൽ സർവ്വീസുകളായ പ്രമാണങ്ങൾ തയ്യാറാക്കൽ, വാദം നടത്തൽ, കരാറുകളുടെ പുനഃപരിശോധന, വ്യവഹാര നടപടികൾക്ക് സഹായം നൽകൽ, ഭാഷാ പരിവർത്തനം മുതലായ സേവനങ്ങളും ഈ പദ്ധതിയുടെ ഭാഗമായി ലക്ഷ്യമിടുന്നു.

(കേരളീയ പ്രവാസികാര്യ വകുപ്പ് 20-10-2015-ലെ 5865/ബി2/2012/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 30-12-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 4

കേരളത്തിൽ നിന്നും തൊഴിലന്വേഷിച്ച് വരുന്ന മലയാളികൾക്കുവേണ്ടി മുംബൈയിലും ദില്ലി ട്രാവൻകൂർ ഹൗസ് കേന്ദ്രീകരിച്ചും ഒരു ഡോർമിറ്ററിയും വനിതാ ഹോസ്റ്റലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് സ്വീകരിച്ച നടപടി**

മുംബൈ കേരളാഹൗസിലും ദില്ലി ട്രാവൻകൂർ ഹൗസ് കേന്ദ്രീകരിച്ചും ഡോർമിറ്ററി താമസ സൗകര്യം നിലവിൽ ഉണ്ട്. കേരളത്തിൽ നിന്നും തൊഴിൽ അന്വേഷിച്ച് പോകുന്ന മലയാളികൾക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ ദില്ലി ട്രാവൻകൂർ ഹൗസിൽ വനിതകൾക്ക് മാത്രമായി ഡോർമിറ്ററിയിൽ പ്രത്യേക താമസ സൗകര്യം ഏർപ്പെടുത്തിവരുന്നുണ്ട്.

(പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 20-12-2016-ലെ 135/പൊളി.4/16/പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 31-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 5

സംസ്ഥാനതല പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾക്കായി ഡൽഹിയിലുള്ളതുപോലെ മുംബൈയിലും ഒരു കേന്ദ്രം ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി**

സംസ്ഥാനതല പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾക്കായി മുംബൈയിൽ ഒരു പരീക്ഷാ കേന്ദ്രം അനുവദിക്കണമെന്നുള്ള ആവശ്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഈ അദ്ധ്യയന വർഷത്തിൽ (2014-15), സംസ്ഥാനതല പ്രൊഫഷണൽ കോഴ്സ് പ്രവേശന പരീക്ഷകൾക്കായി മുംബൈയിൽ ഒരു പരീക്ഷാകേന്ദ്രം അനുവദിക്കുകയും പ്രസ്തുത കേന്ദ്രത്തിൽ വച്ച് പ്രവേശന പരീക്ഷ നടത്തുകയും ചെയ്തുവെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(ഉന്നത വിദ്യാഭ്യാസ വകുപ്പ് 20-5-2014-ലെ 44361/ജി3/12/ഉവിവ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 6-8-2014-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു).

ശിപാർശ 6

മലയാളികൾ തിങ്ങിപ്പാർക്കുന്ന മുംബൈ അടക്കമുള്ള മഹാനഗരങ്ങളിൽ ഉദ്യോഗാർത്ഥികൾ ഏറെയുള്ള ലാസ്റ്റ്ഗ്രേഡ്, എൽ.ഡി. ക്ലാർക്ക് പോലുള്ള തസ്തികകൾക്ക് വേണ്ടിയുള്ള പി.എസ്.സി. പരീക്ഷാ കേന്ദ്രം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സ്വീകരിച്ച നടപടി**

പി.എസ്.സി.യുടെ ഉപദേശം ആരായുകയുണ്ടായി. റിക്രൂട്ട്മെന്റ്, പരീക്ഷാ നടത്തിപ്പ് ഇവ സംബന്ധിച്ച് താങ്ങാനാവാത്ത ജോലി ഭാരമാണ് പി.എസ്.സി.ക്കുള്ളതെന്നും ഒരു വർഷത്തിൽ ശരാശരി 255 പരീക്ഷകൾ നടത്തുന്നുണ്ടെന്നും ജോലിഭാരത്തിനനുസൃതമായി പി.എസ്.സി.യിൽ ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ കേരളത്തിന് പുറത്തുള്ള മെട്രോ നഗരങ്ങളിൽ പി.എസ്.സി. പരീക്ഷ നടത്താൻ കഴിയില്ലെന്നും പി.എസ്.സി. അറിയിച്ചിട്ടുണ്ട്.

(ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് 28-1-2014-ലെ 21259/ഉപ.സി2/2012/ ഉഭപവ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 23-4-2014-ലെ യോഗത്തിൽ പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധിക വിവരം**

മെട്രോ നഗരങ്ങളിൽ വച്ച് പരീക്ഷ നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൂടുതൽ തസ്തികകൾ അനുവദിയ്ക്കണമെന്ന് സർക്കാരിലേക്ക് ശിപാർശ ചെയ്യുക.

**പൊതുഭരണ (സ്പെഷ്യൽ) വകുപ്പ് അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി**

സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് മെട്രോ നഗരങ്ങളിൽ വച്ച് പരീക്ഷ നടത്തുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് കൂടുതൽ തസ്തികകൾ അനുവദിയ്ക്കണമെന്ന ശിപാർശ പരിഗണിക്കാൻ നിർവ്വാഹമില്ല. എന്നാൽ പ്രവാസി മലയാളികൾക്ക് ഓൺലൈൻ പരീക്ഷാകേന്ദ്രം അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്, ലക്ഷക്കണക്കിന് അപേക്ഷകരുള്ള തസ്തികകളിലേക്കായി നടത്തുന്ന OMR പരീക്ഷകൾ എഴുതാൻ അവർക്ക് കഴിയാതെ വരികയും ഓൺലൈൻ പരീക്ഷാ കേന്ദ്രം ആരംഭിയ്ക്കുന്നതിന്റെ ഉദ്ദേശ ലക്ഷ്യം തന്നെ അപ്രസക്തമായേക്കാം എന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറി അഭിപ്രായപ്പെട്ടു.

(പൊതുഭരണ (സ്പെഷ്യൽ) വകുപ്പ് 19-4-2016-ലെ 54458/സ്പെ.ഇ 1/14/പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 31-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 7</u>

കേരളത്തിൽ നിന്നും മുംബൈ, ഡൽഹി ഉൾപ്പെടെയുള്ള നഗരങ്ങളിലേക്കുള്ള ട്രെയിൻ സർവ്വീസുകൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള പ്രതിവാര ട്രെയിനുകൾ ആഴ്ചയിൽ രണ്ടുതവണ സർവ്വീസ് നടത്തുന്നതിനും കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതിനും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തണമെന്നും ഇതിനുവേണ്ട സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിന് 2013-14-ലെ റെയിൽവേ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് മുഖ്യമന്ത്രിയുടെ 20-12-2012-ലെ ഡി.ഒ. കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(ഗതാഗത വകുപ്പ് 17-1-2013-ലെ 16773/ഡി2/2011/ഗതാ. നമ്പർ കത്ത് മുഖേന നൽകി മറുപടി 29-5-2013-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 8</u>

കടുത്ത യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കേരളത്തിൽ നിന്നും മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. വോൾവോ ബസ് സർവ്വീസ് ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്ക് വിധേയമായാണ് അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നത്. നിലവിൽ കേരള സർക്കാർ മഹാരാഷ്ട്ര സർക്കാരുമായി അന്തർ സംസ്ഥാന ഗതാഗത കരാറുകളിലൊന്നും തന്നെ ഏർപ്പെട്ടിട്ടില്ല. കൂടാതെ മുംബൈയിലേക്ക് സ്റ്റേജ് ക്യാരിയേജ് സർവ്വീസ് നടത്തുന്നത് അപ്രായോഗികമാണെന്ന് കെ.എസ്.ആർ.ടി.സി. കരുതുന്നതിനാൽ കേരളത്തിൽ നിന്നും മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. വോൾവോ ബസ് സർവ്വീസ് ആരംഭിക്കണമെന്ന സമിതിയുടെ ശിപാർശ ഇപ്പോൾ പരിഗണിക്കാൻ കഴിയില്ല.

(ഗതാഗത വകുപ്പ് 3-1-2013-ലെ 16854/എ 2/2012/ഗതാഗതം നമ്പർ കത്ത് മുഖേന നൽകിയ മറുപടി 29-5-2013-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു).

## സമിതി ആരാഞ്ഞ അധിക വിവരം

സ്വകാര്യ കമ്പനികൾ ദിനംപ്രതി ഒട്ടേറെ സർവ്വീസുകൾ മുംബൈയിലേക്ക് ലാഭകരമായി നടത്തുന്നതിനാൽ കെ.എസ്.ആർ.ടി.സി. സർവ്വീസുകളും വിജയകരമായി നടത്താൻ സാധിക്കുമെന്ന് സമിതി അഭിപ്രായപ്പെടുകയും, ഇക്കാര്യം പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഗതാഗത വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു.

## ഗതാഗത വകുപ്പ് അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി

അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്ക് വിധേയമായാണ് അന്തർ സംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നത്. നിലവിൽ തമിഴ്നാട്, കർണാടക എന്നീ സംസ്ഥാനങ്ങളുമായി മാത്രമേ കേരള സർക്കാർ അന്തർ സംസ്ഥാന സ്റ്റേജ് ക്യാരിയേജ് സർവ്വീസിന് കരാറിലേർപ്പെട്ടിട്ടുള്ളൂ. മഹാരാഷ്ട്ര സർക്കാരുമായി അന്തർ സംസ്ഥാന ഗതാഗത കരാറുകളിലൊന്നും തന്നെ കേരള സർക്കാർ ഏർപ്പെട്ടിട്ടില്ല.

തിരുവനന്തപുരത്തു നിന്നും തമിഴ്നാട്, കർണ്ണാടക, ഗോവ എന്നീ സംസ്ഥാന ങ്ങളിലൂടെ 24 മണിക്കൂർ കൊണ്ട് 1726 കി.മീറ്റർ റോഡ് മാർഗ്ഗം സഞ്ചരിച്ച് മാത്രമേ മഹാരാഷ്ട്രയുടെ തലസ്ഥാനമായ മുംബൈയിൽ എത്തിച്ചേരുവാൻ കഴിയുകയുള്ളൂ. സ്റ്റേജ് ക്യാരിയേജ് സർവ്വീസ് ആകയാൽ 24 മണിക്കൂർ കൊണ്ട് ഓടിയെത്തുവാൻ കഴിയുകയുമില്ല. ഇതര സംസ്ഥാനങ്ങളിൽ യാത്രക്കാർക്ക് വിശ്രമിക്കുന്നതിനോ വാഹനത്തിന്റെ മെയിന്റനൻസിനോ കെ.എസ്.ആർ.ടി.സി.യ്ക്ക് യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും നിലവിലില്ല. തിരുവനന്തപുരത്തു നിന്നും ബാംഗ്ലൂരേക്കു നടത്തുന്ന 802 കി. മീറ്റർ റൂട്ട് ദൈർഘ്യമുള്ള വോൾവോ സർവ്വീസാണ് കെ.എസ്.ആർ.ടി.സി. ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഏറ്റവും വലിയ ദീർഘദൂര സർവ്വീസ്. ബാംഗ്ലൂരിൽ റിസർവ്വേഷൻ കൗണ്ടറും, ജീവനക്കാർക്ക് വിശ്രമ മുറിയും ഉള്ളതിനാൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ബാംഗ്ലൂരിലേക്കുള്ള സർവ്വീസുകൾ സുഗമമായി നടത്തുവാൻ കഴിയുന്നുണ്ട്. ബാംഗ്ലൂരിൽ നിന്നും മുംബൈയിലേക്ക് ശരാശരി 950 കി. മീറ്ററോളം ദൈർഘ്യമുണ്ട്. ഇത്രയും ദൂരം യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെ സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നത് പ്രയോഗികമല്ലായെന്നാണ് കെ.എസ്.ആർ.ടി.സി. കരുതുന്നത്. മാത്രമല്ല ഇത്തരത്തിലൊരു സർവ്വീസ് ആരംഭിക്കണമെങ്കിൽ തമിഴ്നാട്, കർണ്ണാടക, ഗോവ, മഹാരാഷ്ട്ര എന്നീ നാല് സംസ്ഥാനങ്ങളുമായി കേരള സർക്കാർ അന്തർ സംസ്ഥാന ഗതാഗത കരാർ ഉണ്ടാക്കേണ്ടതുമുണ്ട്. അന്വേഷണത്തിൽ മുംബൈയിലേക്ക് കേരളത്തിൽ നിന്നും കോൺട്രാക്ട് ക്യാരേജ് സർവ്വീസുകൾ പോലും വളരെ വിരളമായിട്ടു മാത്രമേ നടത്തുന്നുള്ളൂ.

നിലവിൽ കേരള സർക്കാർ മഹാരാഷ്ട്ര സർക്കാരുമായി അന്തർ സംസ്ഥാന ഗതാഗത കരാറുകളിലൊന്നും തന്നെ ഏർപ്പെട്ടിട്ടില്ലാത്തതിനാലും കൂടാതെ മുംബൈയിലേക്ക് സ്റ്റേജ് ക്യാരേജ് സർവ്വീസ് നടത്തുന്നത് മുകളിൽ വിശദമാക്കിയ കാരണങ്ങളാൽ അപ്രായോഗികമാണെന്ന് കെ.എസ്.ആർ.ടി.സി. കരുതുന്നതിനാലും കേരളത്തിൽ നിന്നും മുംബൈയിലേക്ക് കെ.എസ്.ആർ.ടി.സി. വോൾവോ സർവ്വീസ് ആരംഭിക്കാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ട് എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

(ഗതാഗത വകുപ്പ് 28-1-2014-ലെ 13048/എ 2/2013/ഗതാഗതം നമ്പർ കത്ത് മുഖേന നൽകിയ മറുപടി 23-4-2014-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**സമിതി വീണ്ടും ആരാഞ്ഞ അധിക വിവരം**

കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നത് സംബന്ധിച്ച് പഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുക.

**ഗതാഗത വകുപ്പ് അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി**

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി ആവശ്യപ്പെട്ട രീതിയിൽ കെ.എസ്.ആർ.ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസുകളുടെ കാര്യക്ഷമതയെകുറിച്ച് കെ.എസ്.ആർ.ടി.സി.യുടെ ഭാഗത്ത് നിന്നോ, ഏതെങ്കിലും ഏജൻസിയെ വച്ചോ ശാസ്ത്രീയമായ രീതിയിൽ ഒരു പഠനം ഇതുവരെയും നടത്തിയിട്ടില്ല.

കെ.എസ്.ആർ.ടി.സി. 1976 കാലഘട്ടം മുതലാണ് കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളുമായി അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെട്ട് ഇരു സംസ്ഥാനങ്ങളിലേക്കും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. ആ കാലയളവിൽ അന്തർ സംസ്ഥാന സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് ധാരണയില്ല. എന്നാൽ സാധാരണ ഗതിയിൽ പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾക്കുള്ള നിർദ്ദേശങ്ങൾ യൂണിറ്റ്/മേഖലാ തലത്തിൽ സാദ്ധ്യതാപഠനം നടത്തിയതിന് ശേഷമാണ് കെ.എസ്.ആർ.ടി.സി.യുടെ ചീഫ് ഓഫീസിൽ സമർപ്പിക്കാറുള്ളത്. പുതിയ അന്തർ സംസ്ഥാന കരാറുകളിൽ ഏർപ്പെടുന്ന സന്ദർഭങ്ങളിൽ കരാറിൽ ഉൾപ്പെടുത്തേണ്ട മുഴുവൻ റൂട്ടുകളെയും സംബന്ധിച്ച് സാധ്യതാപഠനം നടത്തുവാൻ പ്രായോഗികമായി കഴിയില്ലായെന്നതിനാൽ വിവിധ കേന്ദ്രങ്ങളിൽ നിന്നുമുള്ള യാത്രാവശ്യത്തിന്റെ അടിസ്ഥാനത്തിലും പുതിയ റൂട്ടുകളിൽ ധാരണയിൽ എത്തിച്ചേരാറുണ്ട്.

കെ.എസ്.ആർ.ടി.സി. തമിഴ്നാട്ടിലേക്ക് സർവ്വീസ് നടത്തുന്നതിന് 258 പെർമിറ്റുകളും, കർണ്ണാടകയിലേക്ക് നടത്തുന്നതിന് 198 പെർമിറ്റുകളും നിലവിലുള്ള അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി കരസ്ഥമാക്കിയിട്ടുണ്ട്. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുവാൻ കെ.എസ്.ആർ.ടി.സി. മൾട്ടി ആക്സിൽ വോൾവോ മുതൽ താഴോട്ടുള്ള പുതിയ ബസ്സുകളാണ് ഉപയോഗിച്ചു വരുന്നത്.

ബെംഗളൂരുവിലേക്ക് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്നും 10 മൾട്ടി ആക്സിൽ വോൾവോ ഉപയോഗിച്ച് 5 സർവ്വീസുകൾ പ്രതിദിനം നടത്തി വരുന്നുണ്ട്. 43 പുതിയ ഡീലക്സ് ബസ്സുകളുപയോഗിച്ച് കേരളത്തിലെ വിവിധ ഡിപ്പോകളിൽ നിന്നും ബെംഗളൂരുവിലേക്ക് അന്തർ സംസ്ഥാന സർവ്വീസുകളും നടത്തിവരുന്നുണ്ട്. പുറമെ കാസർഗോഡ്-മംഗലാപുരം റൂട്ടിൽ 3 മിനിട്ട് ഇടവേളകളിൽ ചെയിൻ സർവ്വീസും നടത്തുന്നുണ്ട്.

അതോടൊപ്പം തമിഴ്നാട്ടിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളായ നാഗർകോവിൽ, തെങ്കാശി, പൊള്ളാച്ചി, കോയമ്പത്തൂർ എന്നീ സ്ഥലങ്ങളിലേക്ക് സമീപ യൂണിറ്റുകളിൽ നിന്നും ചെയിൻ സർവ്വീസുകൾ നടത്തിവരികയാണ്. പുറമെ തമിഴ്നാട്ടിലെ മധുര, പളനി, വേളാങ്കണ്ണി എന്നീ പ്രധാനപ്പെട്ട സ്ഥലങ്ങളിലേക്കും സർവ്വീസുകൾ നടത്തുന്നുണ്ട്. പ്രസ്തുത രീതിയിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ സർവ്വീസുകൾ കൃത്യമായി നടത്തിവരുന്നതുകൊണ്ട് നിലവിൽ കാര്യമായ യാത്രാക്ലേശം ഒട്ടുംതന്നെ അനുഭവപ്പെടുന്നില്ല. എന്നിരുന്നാലും യാത്രക്കാരുടെ അഭ്യർത്ഥനമാനിച്ചും വർദ്ധിച്ചു വരുന്ന യാത്രാവശ്യം കണക്കിലെടുത്തും കർണ്ണാടകയിലെ സർക്കാരുമായി പുതിയ അന്തർ സംസ്ഥാന സപ്ലിമെന്ററി കരാറിൽ ഏർപ്പെടുന്നതിന് 14-1-2015-ൽ തിരുവനന്തപുരത്ത് വച്ച് ധാരണയിൽ എത്തി ഇരു സംസ്ഥാനങ്ങളിലെയും ട്രാൻസ്പോർട്ട് സെക്രട്ടറിമാർ കരാറിൽ ഒപ്പ് വച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ആയതിന്റെ നടപടി ക്രമം പൂർത്തിയാകുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് കർണ്ണാടകയിലെ വിവിധ സ്ഥലങ്ങളിലേക്ക് 17 റൂട്ടുകളിലായി 84 ബസ്സുകൾ ഉപയോഗിച്ച് 12294.6 കിലോമീറ്റർ ദൂരം ഇതിൻപ്രകാരം സർവ്വീസ് നടത്തുവാൻ കഴിയും. അത്രയും ദൂരം കർണ്ണാടക സംസ്ഥാനത്തെ ആർ.ടി.സി.കൾക്കും കേരളത്തിൽ സർവ്വീസ് നടത്താവുന്നതാണ്. മദ്ധ്യവേനലവധിക്കാലത്ത് അധിക തിരക്ക് നിയന്ത്രിക്കുന്നതിലേക്കായി 13 റൂട്ടുകളിൽ കർണ്ണാടകത്തിനും കേരളത്തിനും പ്രത്യേക സർവ്വീസ് നടത്തുന്നതിനും, 10 റൂട്ടുകളിൽ ഇരു സംസ്ഥാനങ്ങൾക്കും വീക്ക് എൻഡ് സർവ്വീസ് നടത്തുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളും പുതിയ കരാറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

തമിഴ്നാട് സർക്കാരുമായുള്ള അന്തർ സംസ്ഥാന സപ്ലിമെന്ററി കരാർ സംബന്ധിച്ച ചർച്ച അവസാന ഘട്ടത്തിലാണ്. വളരെ താമസിയാതെ തന്നെ തമിഴ്നാട് സർക്കാരുമായും പുതിയ കരാറിൽ ഏർപ്പെടുവാൻ കഴിയും. അതോടൊപ്പം കൂടുതൽ സംസ്ഥാനങ്ങളുമായി

അന്തർ സംസ്ഥാന ഗതാഗത കരാറിൽ ഏർപ്പെടുന്നതിലേക്കായി കെ.എസ്.ആർ.ടി.സി., മഹാരാഷ്ട്ര സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഗോവയിലെ കദംബ ട്രാൻസ്പോർട്ട് കോർപ്പറേഷൻ, പുതുച്ചേരി റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ആന്ധ്രാപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്നിവർക്ക് 23-7-2014-ൽ കത്തുകൾ അയച്ചിട്ടുണ്ട്. ഇവയിൽ ആന്ധ്രാപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാത്രമാണ് ഇക്കാര്യത്തിൽ പ്രതികരണം അറിയിച്ചിട്ടുള്ളത്. അതിൻപ്രകാരം കെ.എസ്.ആർ.ടി.സി.ക്ക് തുടങ്ങുവാൻ ഉദ്ദേശിക്കുന്ന റൂട്ടുകളുടെ വിവരം ആന്ധ്രാപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ കത്ത് മുഖേന 13-10-2014-ൽ അറിയിച്ചിട്ടുണ്ട്. പുതിയ അന്തർ സംസ്ഥാന കരാറുകൾ യാഥാർത്ഥ്യമാകുന്നതോടുകൂടി ഇരു സംസ്ഥാനങ്ങളിലെയും യാത്രാക്ലേശം പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

(ഗതാഗത വകുപ്പ് 12-5-2015-ലെ 9536/എ 2/2014/ഗതാഗതം നമ്പർ കത്ത് മുഖേന നൽകിയ മറുപടി 24-6-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 9</u>

മറുനാടുകളിലെ മലയാളം പഠിപ്പിക്കുന്ന സ്കൂളുകളിൽ യഥാസമയം സൗജന്യമായി പാഠപുസ്തകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ച നടപടി**

സംസ്ഥാനത്തിനുപുറത്തുള്ള സ്കൂളുകൾ അൺ എയ്ഡഡ് വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള അൺ എയ്ഡഡ് വിദ്യാലയങ്ങൾ ഓൺലൈൻ ഇൻഡന്റ് നൽകി വില ഒടുക്കിയാണ് പാഠപുസ്തകങ്ങൾ കൈപ്പറ്റുന്നത്. ഇത്തരത്തിലാണ് ഗൾഫ് മേഖലയിൽപ്പെടുന്ന സ്കൂളുകൾക്കും പുസ്തകങ്ങൾ നൽകിവരുന്നത്. സംസ്ഥാനത്തിനുപുറത്തുള്ള സ്കൂളുകൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി അനുസരിച്ച് സാധിക്കുകയില്ല.

(പൊതു വിദ്യാഭ്യാസ വകുപ്പ് 3-1-2014-ലെ 64762/എം2/2012/പൊ.വി.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 12-2-2014-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 10</u>

മലയാളികളുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കും സമ്മേളനങ്ങൾക്കുമായി കേരളാ ഹൗസിലെ ഹാളുകൾ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഡൽഹിയിൽ ട്രാവൻകൂർ ഹൗസിൽ ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് സ്വീകരിച്ച നടപടി**

കേരളഹൗസിലെ കോൺഫറൻസ് ഹാൾ മലയാളികളുടെ സാംസ്കാരിക പ്രവർത്തനങ്ങൾക്കും സമ്മേളനങ്ങൾക്കും ഒരു നിശ്ചിത തുക ഈടാക്കി ഇപ്പോൾ തന്നെ നൽകുന്നുണ്ട്. കോൺഫറൻസ് ഹാൾ സൗജന്യമായി അനുവദിച്ചാൽ അത് കേരള ഹൗസിൽ താമസിക്കുന്ന വിശിഷ്ടാതിഥികളുടെ സ്വകാര്യതയേയും സുരക്ഷിതത്വത്തെയും ബാധിക്കാനിടയുണ്ട്. ട്രാവൻകൂർ ഹൗസ് കോമ്പൗണ്ടിൽ പുതിയ കെട്ടിട സമുച്ചയത്തിന്റെ രൂപരേഖ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരികയാണ്.

(പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 20-12-2016-ലെ 135/പൊളി.4/16/പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 31-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 11</u>

ഡൽഹി, മുംബൈ കേരളാ ഹൗസുകളിൽ റെയിൽവേ റിസർവേഷൻ കേന്ദ്രം ആരംഭിക്കുന്നതിന് വേണ്ട അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഗതാഗത വകുപ്പ് സ്വീകരിച്ച നടപടി**

പ്രസ്തുത ശിപാർശ നടപ്പിലാക്കുന്നതിന് 2013-14-ലെ റയിൽവേ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് മുഖ്യമന്ത്രിയുടെ 20-12-2012 -ലെ ഡി.ഒ കത്ത് മുഖേന ആവശ്യപ്പെട്ടിട്ടുണ്ട്.

(ഗതാഗത വകുപ്പ് 17-1-2013-ലെ 16773/ഡി2/2011/ഗതാ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 29-5-2013-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 12</u>

മറുനാടൻ മലയാളികളുടെ സാഹിത്യവാസനകളെ പരിപോഷിപ്പിക്കുന്നതിനായും യുവതലമുറയ്ക്ക് കേരളീയ കലകളിൽ അഭിരുചി വളർത്തുന്നതിനായും കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ, കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി തുടങ്ങിയവകളുടെ പരിശീലന ക്യാമ്പുകൾ, ശില്പശാലകൾ തുടങ്ങിയവ മറുനാടുകളിലേക്കും വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സാംസ്കാരിക കാര്യ വകുപ്പ് സ്വീകരിച്ച നടപടി

കേരള സംഗീത നാടക അക്കാദമി കേരളത്തിന് പുറത്തും, വിദേശത്തുമുള്ള മലയാളികളായ കലാകാരന്മാരുടെ ക്ഷേമത്തിനായി ഒട്ടനവധി പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നുണ്ട്. ഭുവനേശ്വർ, ചെന്നൈ, ബാംഗ്ലൂർ എന്നിവിടങ്ങളിലെ മലയാളി അസോസിയേഷനുകളുമായി ബന്ധപ്പെട്ട് മോഹിനിയാട്ട മഹോത്സവം അക്കാദമി സംഘടിപ്പിക്കുകയുണ്ടായി. വിദേശത്തുള്ള കലാപ്രതിഭകളുടെ പ്രോത്സാഹനത്തിനായി മലേഷ്യ, സിങ്കപ്പൂർ എന്നിവിടങ്ങളിലും മോഹിനിയാട്ട മഹോത്സവം സംഘടിപ്പിച്ചിരുന്നു. കേരളത്തിന് പുറത്തുള്ള നാടക പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനും ഊർജ്ജസ്വലമാക്കുന്നതിനും വേണ്ടി ബോംബെ, ചെന്നൈ, കൽക്കട്ട എന്നിവിടങ്ങളിൽ നോർക്കയുമായി സഹകരിച്ച് അമച്വർ നാടകമത്സരം നടത്തുന്നതിനും അക്കാദമി തീരുമാനിച്ചിട്ടുണ്ട്. ആയതിന് വേണ്ട സ്ക്രിപ്റ്റ് സെലക്ഷൻ ജോലികൾ പൂർത്തിയായിട്ടുണ്ട്. പ്രവാസി കാലകാരന്മാർക്ക് നൃത്തം, സംഗീതം, നാടകം എന്നീ മേഖലകളിൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

കേരള സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ 2011 നവംബർ 4, 5, 6, 7 തീയതികളിൽ ബഹറിനിൽ കേരളീയസമാജം, ബഹറിൻ - പ്രവാസി സാഹിത്യശില്പശാല നടത്തുകയുണ്ടായി. കേരള സാഹിത്യ അക്കാദമി ഹൈദരാബാദിലെ നവീന കലാകേന്ദ്രത്തിന്റെ സഹകരണത്തോടെ 2011 നവംബർ 6-ന് സാഹിത്യ സെമിനാർ നടത്തി. 2012 ഒക്ടോബർ 31-ന് വിശ്വമലയാള മഹോത്സവത്തോടനുബന്ധിച്ച് തിരുവനന്തപുരത്തു വച്ച് പ്രവാസി സമ്മേളനം നടത്തി.

(സാംസ്കാരിക കാര്യ വകുപ്പ് 24-4-2013-ലെ 8553/എ 1/2013/സി.എ.ഡി. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 29-5-2013-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 13

മെട്രോ നഗരങ്ങളിൽ കെ.എസ്.എഫ്.ഇ.യുടെ ശാഖകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### നികുതി വകുപ്പ് സ്വീകരിച്ച നടപടി

1956-ലെ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതുമായ ഒരു പൊതുമേഖലാ സ്ഥാപനമാണ് കെ.എസ്.എഫ്.ഇ. കൂടാതെ റിസർവ് ബാങ്കിന്റെ 1997-ലെ Miscellaneous

Non-Banking Companies (Reserve Bank) Directions-ലെ 2(2)-ാം ഉപഖണ്ഡികയിൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരമുള്ള ബിസിനസ്സുകൾ ചെയ്യുന്ന Miscellaneous Non-Banking Company-യുമാണ്. കെ.എസ്.എഫ്.ഇ. ഒരു Miscellaneous Non-Banking Company ആയതുകൊണ്ട് SARFAESI ACT പ്രകാരം പ്രവർത്തിക്കുന്നതിന് കേന്ദ്ര സർക്കാർ KSFE-യെ ടി ആക്ടിന്റെ സെക്ഷൻ 2(1) m(iv) പ്രകാരമുള്ള ഒരു Financial Institution ആയി നോട്ടിഫൈ ചെയ്യേണ്ടതുണ്ട്. ഇപ്രകാരം നോട്ടിഫൈ ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് 16-2-2013-ലെ 10749/H2/2012/T.D. നമ്പർ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. ഈ വിഷയം ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(നികുതി വകുപ്പ് 13-5-2015-ലെ 31836/എച്ച്2/2014/നി.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 24-6-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 14

മറുനാടൻ മലയാളികൾക്ക് ചെലവുകുറഞ്ഞതും രുചികരവുമായ നാടൻ ഭക്ഷണം ലഭിക്കുന്നതിനായി കേരളാ ഹൗസിൽ ക്യാന്റീൻ സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് സ്വീകരിച്ച നടപടി**

പൊതുജനങ്ങൾക്കായി സമൃദ്ധി എന്ന പേരിൽ ഒരു കാന്റീൻ ഇപ്പോൾ കേരളഹൗസിൽ പ്രവർത്തിക്കുന്നുണ്ട്. ചെലവു കുറഞ്ഞ രീതിയിൽ ഭക്ഷണം മറുനാടൻ മലയാളികൾക്ക് ലഭ്യമാകുന്ന തരത്തിൽ ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 20-12-2016-ലെ 135/പൊളി.4/16/പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 31-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു).

ശിപാർശ 15

വിവിധ ആവശ്യങ്ങൾക്കായി ഡൽഹിയിലെത്തുന്ന മലയാളികളുടെ സൗകര്യാർത്ഥം കേരളാ ഹൗസിൽ ഒരു ഹെൽപ്പ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തണമെന്നും കേരള സർക്കാരിന്റെ ഒരു പ്രത്യേക പ്രതിനിധിയെ വിവിധ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനും സാക്ഷ്യപ്പെടുത്തുന്നതിനുമായി ഡൽഹി, മുംബൈ കേരളാ ഹൗസുകളിൽ നിയമിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയപ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

കേരളീയ പ്രവാസികാര്യ വകുപ്പിന് കീഴിൽ വരുന്ന നോർക്ക-റൂട്ട്സ് എന്ന സ്ഥാപനത്തിന് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഡൽഹിയിലെ ഓഫീസ് കേരള ഹൗസിലാണ് പ്രവർത്തിച്ചുവരുന്നത്. അടിയന്തര സാഹചര്യത്തിൽ പ്രവാസി മലയാളികളെ സഹായിക്കുന്നതിനുള്ള ഒരു ഹെൽപ്പ് ഡെസ്ക് എന്ന നിലയിലാണ് ടി ഓഫീസ് പ്രവർത്തിച്ചുവരുന്നത്. അണ്ടർ സെക്രട്ടറി മുതൽ ജോയിന്റ് സെക്രട്ടറി റാങ്ക് വരെയുള്ള ഉദ്യോഗസ്ഥരെയാണ് എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസറായി നിയമിച്ചിട്ടുള്ളത്. എൻ.ആർ.കെ ഡെവലപ്പ്മെന്റ് ഓഫീസുകളിൽ എംബസ്സി അറ്റസ്റ്റേഷൻ, റിക്രൂട്ട്മെന്റ് അറ്റസ്റ്റേഷൻ തുടങ്ങിയവയ്ക്കായി ലഭിക്കുന്ന അപേക്ഷകൾ എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസർമാർ സ്വീകരിച്ച് നോർക്ക റൂട്ട്സിന്റെ റീജിയണൽ ഓഫീസുകളിൽ അയച്ച് എച്ച്.ആർ.ജി./എംബസ്സി അറ്റസ്റ്റേഷൻ ചെയ്ത് അപേക്ഷകർക്ക് നൽകി വരുന്നതാണ് പതിവ്. ഈ സംവിധാനം കുറ്റമറ്റ രീതിയിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 9-5-2019-ലെ ബി2/277/2018/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 11-3-2020-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 16</u>

കേരളാ ഹൗസിലെ സ്ഥിരം ജീവനക്കാരെ ടൂറിസം വകുപ്പിന്റെ ഭാഗമാക്കി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കണമെന്നും കേരളാ ഹൗസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലവും കാര്യക്ഷമവും ആക്കുന്നതിന് കേരളാ ഹൗസിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്നതിന് നടപടി കൈക്കൊള്ളണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് സ്വീകരിച്ച നടപടി**

ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ച് വരുന്നു. ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 20-12-2016-ലെ 135/പൊളി.4/16/പൊ.ഭ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 31-1-2017-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 17</u>

മുംബൈയിൽ നോർക്കയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നോർക്കയുടെ ഓഫീസ് മുംബൈ കേരളാ ഹൗസിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ടൂറിസം വകുപ്പ് സ്വീകരിച്ച നടപടി**

മുംബൈയിൽ നോർക്കയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി മുംബൈ കേരള ഹൗസിന്റെ താഴത്തെ നിലയിൽ നോർക്കയുടെ ഓഫീസ് പ്രവർത്തിക്കുന്നതിനായി 1000 ചതുരശ്ര അടി സ്ഥലം 29-12-2011-ലെ സ. ഉ. (സാധാ.) നം. 9858/2011/ടൂറിസം ഉത്തരവ് പ്രകാരം സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ടൂറിസം വകുപ്പ് 29-4-2013-ലെ 99807/സി3/2012/ടൂറിസം നമ്പർ കത്ത് മുഖേന നൽകിയ മറുപടി 29-5-2013-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

ശിപാർശ 18

ഉത്സവസീസണുകളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഡൽഹിയിലും മുംബൈയിലും ഉത്സവചന്തകൾ ആരംഭിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭക്ഷ്യപൊതുവിതരണ വകുപ്പ് സ്വീകരിച്ച നടപടി**

2013 ഓണക്കാലത്ത് സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ ഡൽഹിയിൽ ഓണച്ചന്ത Franchisee അടിസ്ഥാനത്തിൽ നടത്തുകയുണ്ടായി. മേൽപ്പറഞ്ഞ ഓണച്ചന്ത നടത്തുവാൻ സപ്ലൈകോയ്ക്ക് താഴെപ്പറയുന്ന ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്:

1. ഡൽഹിയിലെ കേരള ഹൗസിൽ ആവശ്യമായ സ്ഥല സൗകര്യം അനുവദിച്ചു കിട്ടിയില്ല.

2. ഡൽഹിയിൽ ഓണച്ചന്ത നടത്താൻ ആവശ്യമായ ഉന്നത ഉദ്യോഗസ്ഥർ അടക്കമുള്ള എല്ലാ ജീവനക്കാരെയും കേരളത്തിൽ നിന്നും അയയ്ക്കേണ്ടിവന്നു. ഇതുമൂലം യാത്ര, താമസം, ഭക്ഷണം എന്നീ വകയിൽ വൻ തുക ചെലവാക്കേണ്ടിവന്നു.

3. ഡൽഹിയിലെ ട്രാവൻകൂർ ഹൗസിലെ 2 മുറികളാണ് ഓണച്ചന്ത നടത്താൻ അനുവദിച്ചു കിട്ടിയത്. പൊടിപിടിച്ച് ഉപയോഗശൂന്യമായ മുറികൾ വൃത്തിയാക്കി സ്റ്റാളുകൾ ഒരുക്കാൻ വളരെയധികം പ്രയാസപ്പെട്ടു.

4. സപ്ലൈകോയ്ക്ക് സ്വന്തം സ്റ്റാളുകൾ നടത്തുവാൻ ഡൽഹി മുനിസിപ്പൽ കോർപ്പറേഷന്റെ രജിസ്ട്രേഷൻ, VAT രജിസ്ട്രേഷൻ മുതലായവ ഇല്ലാത്തതിനാൽ സ്വന്തം നിലയിൽ സ്റ്റാളുകൾ നടത്തുവാൻ കഴിഞ്ഞില്ല. Franchisee അടിസ്ഥാനത്തിലാണ് സപ്ലൈകോ 2013-ലെ ഓണച്ചന്ത നടത്തിയത്.

ഇത്തരത്തിൽ ദൂരസ്ഥലങ്ങളിൽ ചന്തകൾ നടത്തുന്നത് സപ്ലൈകോയ്ക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്നുണ്ട്. കൂടാതെ ഉൽസവകാലത്ത് ജീവനക്കാരുടെ പരിമിതിമൂലവും, മറ്റും വളരെ ബുദ്ധിമുട്ടിലാണ് കേരളത്തിൽ തന്നെ 1500-ഓളം (ഓണക്കാലത്ത്) ചന്തകൾ നടത്തുന്നത്. ഓണക്കാലത്ത് ചന്തകൾക്കു പുറമേ സപ്ലൈകോ BPL കുടുംബങ്ങൾക്കുള്ള സൗജന്യക്കിറ്റ്, സ്പെഷ്യൽ പഞ്ചസാര, സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അരി വിതരണം, Tribal കുടുംബങ്ങൾക്കുള്ള കിറ്റ് വിതരണം എന്നീ കാര്യങ്ങളും സമയബന്ധിതമായി നടത്തേണ്ടതായിട്ടുണ്ട്. സപ്ലൈക്കോയുടെ മുഴുവൻ ജീവനക്കാരും അഹോരാത്രം ബുദ്ധിമുട്ടിയാണ് മേൽപ്പറഞ്ഞ കാര്യങ്ങൾ നിർവ്വഹിക്കുന്നത്.

മേൽപ്പറഞ്ഞ കാരണങ്ങളാൽ കേരളത്തിൽ നിന്നും വളരെ ദൂരെ ഉൽസവച്ചന്തകൾ നടത്തുന്നത് അപ്രായോഗികമാണ് എന്ന് സപ്ലൈകോ അറിയിച്ചിരിക്കുന്നു.

(ഭക്ഷ്യപൊതുവിതരണ വകുപ്പ് 15-6-2015-ലെ 15221/സി2/12/ഭ.സി.സ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 5-8-2015-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അധിക വിവരം ആരായുകയും ചെയ്തു.)

**സമിതി ആരാഞ്ഞ അധിക വിവരം**

ഓണം പോലെയുള്ള ഉത്സവകാലങ്ങളിൽ മുംബൈയും ഡൽഹിയും അടക്കമുള്ള അന്യസംസ്ഥാനങ്ങളിലെ നഗരങ്ങളിൽ താമസിക്കുന്ന ലക്ഷക്കണക്കിന് മലയാളികൾക്കും കേരളത്തിലുള്ളവർക്ക് ലഭിക്കുന്നതുപോലെ ഭക്ഷ്യ സാധനങ്ങൾ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് സമിതി വിലയിരുത്തുന്നു. അതിനാൽ ഡൽഹിയിലും മുംബൈയിലും എല്ലാ വർഷവും ഓണച്ചന്തകൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**ഭക്ഷ്യ പൊതുവിതരണ വകുപ്പ് അധിക വിവരത്തിന്മേൽ സ്വീകരിച്ച നടപടി**

2013-ൽ മുംബൈയിലും ഡൽഹിയിലും ഓണച്ചന്തകൾ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ നടത്തിയപ്പോൾ അധിക സാമ്പത്തിക ബാധ്യതയും സ്ഥല പരിമിതിയും അനുഭവപ്പെടുകയുണ്ടായി. ഓണക്കാലത്ത് ചന്തകൾക്കു പുറമെ AAY കുടുംബങ്ങൾക്കുള്ള സൗജന്യകിറ്റ്, സ്പെഷ്യൽ പഞ്ചസാര, സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ അരി വിതരണം, ട്രൈബൽ കുടുംബങ്ങൾക്കുള്ള കിറ്റ് വിതരണം എന്നിവയുമായി ബന്ധപ്പെട്ട് നിലവിലുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായി ഉപയോഗപ്പെടുത്തേണ്ടി വരുന്നതിനാൽ വിദൂര സ്ഥലങ്ങളിൽ ഓണചന്തകൾ നടത്തുവാൻ പ്രയാസകരമാണ്. കൂടാതെ സ്റ്റാളുകൾ ഒരുക്കുന്നതിനും ജീവനക്കാരുടെ യാത്രബത്ത ഇനത്തിലും വലിയ തുക ചെലവഴിക്കേണ്ടി വരും. ഈ സാഹചര്യത്തിൽ കേരളത്തിനുപുറത്ത് ഓണച്ചന്തകൾ നടത്തുക എന്നത് പ്രായോഗികമല്ല.

(ഭക്ഷ്യ പൊതുവിതരണ വകുപ്പ് 16-10-2017-ലെ 569517/സി2/2016/ഭ.സി.സ.വ. നമ്പർ കത്ത് മുഖേന നൽകിയ മറുപടി 3-1-2018-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 19</u>

വിശദമായ സാമൂഹിക സാമ്പത്തിക സർവ്വേ നടത്തി ഇന്ത്യയ്ക്കകത്തും പുറത്തും അധിവസിക്കുന്ന പ്രവാസി മലയാളികളുടെ സമഗ്രവും ആധികാരികവുമായ സ്ഥിതിവിവരക്കണക്ക് പ്രസിദ്ധീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

2013-ലെ ദേശീയ സാമ്പത്തിക സെൻസസിനോടനുബന്ധിച്ച്, വിവിധ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളികളുടെ വിവരശേഖരണം സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പുമായി ചേർന്ന് നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 20-10-2015-ലെ 5865/ബി2/2012/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 30-12-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

<u>ശിപാർശ 20</u>

പ്രവാസികൾക്കായുള്ള പ്രത്യേക പാർപ്പിട പദ്ധതികൾക്കുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**കേരളീയ പ്രവാസികാര്യ വകുപ്പ് സ്വീകരിച്ച നടപടി**

പ്രവാസികൾക്കായി പ്രത്യേക പാർപ്പിട പദ്ധതി എന്ന ആശയം നടപ്പിലാക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചുവരികയാണ്.

(കേരളീയ പ്രവാസികാര്യ വകുപ്പ് 20-10-2015-ലെ 5865/ബി2/2012/നോർക്ക നമ്പർ കത്ത് മുഖേന നൽകിയ മറുപടി 30-12-2015-ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.)

**എ.സി. മൊയ്തീൻ,**
*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 മാർച്ച് 15.

314/2022.